## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2193 | 04.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **സമ്പുഷ്ടകേരളം പദ്ധതി** | |
| ചോദ്യം | മറുപടി |
| **ശ്രീ.മോൻസ് ജോസഫ്**<br>**,, പി.ജെ.ജോസഫ്**<br>**,, സി.എഫ്.തോമസ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സമ്പുഷ്ടകേരളം പദ്ധതിയിലൂടെ വനിതാ ശിശുവികസന വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | എ) ഒരു ഏകോപിത, ജീവിതചക്ര, ഫലാധിഷ്ഠിത സമീപനം സ്വീകരിച്ചുകൊണ്ട് പോഷണ ന്യൂനതകൾ പരിഹരിക്കുക എന്നതാണ് സമ്പുഷ്ട കേരളം ലക്ഷ്യമാക്കുന്നത്. ജീവിത ചക്ര സമീപനത്തിന്റെ ഭാഗമായി കൗമാര പ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 0-6 വയസ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾ എന്നിവരുടെ പോഷണ വൈകല്യങ്ങൾ പരിഹരിച്ച് ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനാണ് ഈ പോഷണ ദൗത്യം ഊന്നൽ നൽകുന്നത്. ഒരു കുഞ്ഞിന്റെ ജീവിതത്തിലെ പ്രഥമ സഹസ്ര ദിനങ്ങൾ - ഗർഭാവസ്ഥയിലെ 9 മാസം, സമ്പൂർണ്ണ മുലയൂട്ടൽ കാലമായ 6 മാസം, തുടർന്ന് 2 വയസ് വരെയുള്ള 18 മാസം - അതിന്റെ പോഷണ ന്യൂനതകൾ കണ്ടെത്തി പരിഹരിക്കുന്നതിൽ അതിപ്രധാനമായ ഒരു കാലഘട്ടമാണ്. ഈ കാലഘട്ടത്തിലെ സമയോചിത ഇടപെടൽ മുഖേന ജനന ഭാരം വർദ്ധിപ്പിക്കുന്നതിനും ശിശു മരണ നിരക്ക്, മാതൃ മരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനും സാധിക്കും. |

| | |
|---|---|
| | കുഞ്ഞിന് 3 വയസ്സ് തികയുന്നത് വരെയുള്ള അടുത്ത ഒരു വർഷക്കാലത്തെ തുടർച്ചയായ ഇടപെടലും പരിചരണവും മുഖേന അതിന്റെ ആദ്യ ആയിരം ദിനങ്ങളിൽ നേടിയ ആരോഗ്യ പോഷണ നിലവാരം നിലനിർത്തുകയോ വർദ്ധിപ്പിക്കുകയോ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നു. തുടർന്ന് 3 വയസ്സ് മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് നാം നൽകുന്ന നിരന്തരമായ ശ്രദ്ധയും പരിചരണവും അവരുടെ സർവ്വതോന്മുഖമായ വികസനത്തിന് അടിത്തറ പാകുന്നു. അങ്കണവാടികൾ മുഖേന നൽകി വരുന്ന വിവിധ സേവനങ്ങൾ പോഷണ ന്യൂനതകൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണെങ്കിലും ഈ ലക്ഷ്യം കൈവരിക്കുന്നതിൽ മറ്റ് പല പരിപാടികളുടെയും പങ്ക് തുല്യ പ്രാധാന്യ-മർഹിക്കുന്നു. ആരോഗ്യ പരിരക്ഷ, ശുദ്ധമായ കുടിവെള്ള ലഭ്യത, ശുചിത്വ സംവിധാനങ്ങൾ, ശുചിത്വ പരിപാലനം, അമ്മമാർക്കുള്ള ബോധവത്ക്കരണം, വിദ്യാഭ്യാസ പരിപാടികൾ, അമ്മമാരുടെ വിദ്യാഭ്യാസ നിലവാരം ദാരിദ്ര്യം എന്നിങ്ങനെയുള്ള പല ഘടകങ്ങളും വർദ്ധിത പോഷണ നിലവാരത്തിനെ സാരമായി ബാധിക്കുന്നവയാണ്. ദേശീയതലത്തിൽ പോഷണ ന്യൂനതയുടെ അളവ് കുറയ്ക്കുന്നതിന് മേൽപ്പറഞ്ഞ ഘടകങ്ങളുടെ അപര്യാപ്തത പരിഹരിച്ചുകൊണ്ടുള്ള സേവനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് വീട്ടു വീടാന്തരം ലഭ്യമാക്കുക എന്നത് അനിവാര്യമാണ്. പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ള ജനവിഭാഗത്തിന്റെ |

<table>
<tr><td></td><td>പോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി ലഭ്യമായിട്ടുള്ള പോഷണ സംബന്ധിയായ എല്ലാ പദ്ധതികളുടെയും ഏകോപനമാണ് പോഷണ ദൗത്യത്തിന്റെ നെടുംതൂൺ. അങ്കണവാടി സേവനങ്ങൾ, പ്രധാനമന്ത്രി മാതൃവന്ദന യോജന, സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG), ജനനി സുരക്ഷ യോജന, ദേശീയ ആരോഗ്യ ദൗത്യം (NHM), അനീമിയ മുക്ത് ഭാരത് ഇന്ദ്രധനുഷ്, സ്വച്ഛ് ഭാരത് മിഷൻ, പൊതു വിതരണ സംവിധാനം (PDS), തൊഴിലുറപ്പ് പദ്ധതി, കുടിവെള്ള വിതരണം, ശുചിമുറി നിർമ്മാണം തുടങ്ങി വൈവിധ്യമാർന്ന പല പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.</td></tr>
<tr><td>ബി) പദ്ധതി സംബന്ധിച്ച് കേന്ദ്രസർക്കാർ മുന്നോട്ട് വച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെന്ന് വിശദമാക്കാമോ;</td><td>ബി) പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ യാതൊന്നും തന്നെ മുന്നോട്ട വച്ചിട്ടില്ല. പദ്ധതിയിലൂടെ കേന്ദ്ര സർക്കാർ കൈവരിക്കുവാൻ നൽകിയിരിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ.<br><table>
<tr><td>ക്രമ നം</td><td>ലക്ഷ്യങ്ങൾ</td><td>ടാർജറ്റ്</td></tr>
<tr><td>1</td><td>0-6 വയസ്സുവരെയുള്ള കുട്ടികളിലെ വളർച്ചാ മുരടിപ്പ് ഒഴിവാക്കുകയും അതിന്റെ നിരക്ക് കുറച്ചുകൊണ്ടു വരികയും ചെയ്യുക</td><td>പ്രതിവർഷം 2% നിരക്കിൽ 3 വർഷം കൊണ്ട് 6% കുറയ്ക്കുക</td></tr>
<tr><td>2</td><td>0-6 പ്രായപരിധിയിലെ കുട്ടികളിലെ തൂക്കക്കുറവ് ഒഴിവാക്കുകയും തോത് കുറച്ചുകൊണ്ടു വരികയും ചെയ്യുക</td><td>പ്രതിവർഷം 2% നിരക്കിൽ 3 വർഷം കൊണ്ട് 6% കുറയ്ക്കുക</td></tr>
<tr><td>3</td><td>6 മാസം മുതൽ 59 മാസം</td><td>പ്രതിവർഷം 2%</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| | | വരെയുള്ള കുട്ടികളിലെ വിളർച്ചാ നിരക്ക് കുറയ്ക്കുക | നിരക്കിൽ 3 വർഷം കൊണ്ട് 9% കുറയ്ക്കുക |
| | 4 | 15-49 വയസ്സ് പ്രായപരിധിയിലെ കൗമാര പ്രായക്കാരായ പെൺ കുട്ടികളുടെയും സ്ത്രീകളുടെയും വിളർച്ചാ നിരക്ക് കുറയ്ക്കുക | പ്രതിവർഷം 2% നിരക്കിൽ 3 വർഷം കൊണ്ട് 6% കുറയ്ക്കുക |
| | 5 | ജനനഭാരം കുറഞ്ഞ കുട്ടികളുടെ എണ്ണം കുറയ്ക്കുക | പ്രതിവർഷം 2% നിരക്കിൽ 3 വർഷം കൊണ്ട് 6% കുറയ്ക്കുക |
| സി) എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ടോ എന്നറിയിക്കാമോ; പദ്ധതിക്ക് കേന്ദ്രസർക്കാർ നൽകുന്ന സാമ്പത്തിക സഹായം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | സി) നിലവിൽ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കിവരികയാണ്. പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ 7765.28 ലക്ഷം രൂപയും സംസ്ഥാന സർക്കാർ നാളിതുവരെ 1941.32 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 8950 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. | | |

(ഒപ്പ്)
സെക്ഷൻ ഓഫീസർ